# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 138 13/06/2014-ൽ മറുപടിയ്ക്ക്

## കൃഷി ഭവനുകളിലെ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. **കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും, വകുപ്പു മന്ത്രി)** |

| ചോദ്യം | മറുപടി |
|---|---|
| എ) കൃഷി ഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ; | ബി) പ്രസ്തുത സമിതിയിലെ അംഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നവരാണ്. |

1. എം.പി.
2. സ്ഥലം എം.എൽ.എ.
3. പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ).
4. കേര കർഷകർ.
5. ഏഴ് കർഷക പ്രതിനിധികൾ.
6. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിത കർഷക.
7. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി/പട്ടിക വർഗ്ഗത്തിലുള്ള ഒരു കർഷകൻ/കർഷക.
8. പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
9. അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ഓരോ പ്രതിനിധി വീതം. (പരമാവധി 5 പേർ)
10. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.
11. പ്രാഥമിക സഹകരണ ബാങ്ക് /വാണിജ്യ ബാങ്ക് / കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി.
12. കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ.
13. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള പഞ്ചായത്ത് തല അസിസ്റ്റന്റ്.
14. പഞ്ചായത്തിലെ വെറ്റിനറി സർജ്ജൻ.
15. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ.
16. ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ.
17. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ.
18. കൃഷി ഭവനിലെ കൃഷി ഓഫീസർ - കൺവീനർ.
19. കാർഷിക മേഖലയിൽ 1 ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ ഒരു പ്രതിനിധി.

02.05.2013 ലെ 147/2013/കൃഷി എന്ന സർക്കാർ ഉത്തരവ് പ്രകാരം അതാതു പ്രദേശത്തെ ജില്ലാ

പഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്തു മെമ്പർമാരെയും പ്രത്യേക ക്ഷണിതാക്കളായി കൂട്ടി ചേർത്തിട്ടുണ്ട്.

സി) സമിതിയുടെ പ്രവർത്തനോദ്ദേശ്യം വ്യക്തമാക്കുമോ ;

സി)
1. പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് ഉതകുന്ന പ്ലാൻ, പ്രോജക്ട് ഇവയുടെ തയ്യാറാക്കൽ.
2. കർഷകർ, കൃഷി രീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതി വിവര കണക്കുകളുടെ വ്യക്തമായ വിവരം ശേഖരിക്കൽ.
3. അതാതു പ്രദേശത്തിന് അനുയോജ്യമായതും കാർഷിക വികസനത്തിന് ഉതകുന്നതുമായ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ ഗവൺമെന്റ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുക.
4. കൃഷി വകുപ്പിലെ വിവിധ പദ്ധതികളുടെ പരിധിയിൽ പെടുത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക.
5. വിവിധ കാർഷിക പരിപാടികളുടെ മൂല്യ നിർണ്ണയം, വിലയിരുത്തൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വിജയകരമായും നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.
6. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക.
7. കൃഷി മേഖലയ്ക്ക് ഉപയോഗയോഗ്യമാകുന്ന ക്രെഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിംഗും.
8. ഗുണ നിലവാരമുള്ള ജൈവ വളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തുക.

ഡി) കാർഷിക മേഖലയിൽ പ്രസ്തുത സമിതിക്ക് ചെയ്യാൻ കഴിയുന്ന ഗുണകര- മായ പ്രവർത്തനങ്ങൾ എന്തൊക്കെ യാണ്?

ഡി) കൃഷി അനുബന്ധ മേഖലകളിലെ മികച്ച പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും നൽകുവാൻ കഴിയുന്നു. വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളെ സുതാര്യമായി തെരഞ്ഞെടുക്കുവാൻ സാധിക്കുന്നു. കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുന്നതിന് ഇടപെടാൻ സാധിക്കുന്നു. പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് ആവശ്യമായ പദ്ധതികൾ നൽകുവാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ